# ഇംഗ്ലണ്ട്, വെയിൽസ്, സ്കോട്ട്ലൻഡ് കത്തോലിക്കാ മെത്രാൻ സമിതികൾ പുറപ്പെടുവിക്കുന്ന സംയുക്ത പ്രസ്താവന

# അനുകമ്പയുള്ളവരാകാം!

ഇംഗ്ലണ്ട്, വെയിൽസ്, സ്കോട്ട്ലൻഡ് കത്തോലിക്കാ മെത്രാൻ സമിതികളിലെ അംഗങ്ങളായ ഞങ്ങൾ, പരസഹായത്തോടെയുള്ള ആത്മഹത്യാബിൽ ബ്രിട്ടീഷ് പാർലമെന്റിൽ അവതരിപ്പിക്കുന്നതിലൂടെ യഥാർത്ഥമായ അനുകമ്പ അപകടത്തിലാകുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. മറ്റൊരു വ്യക്തിയുടെ സഹനത്തിൽ പങ്കുചേരുന്നതിലാണ് അനുകമ്പ യഥാർത്ഥത്തിൽ പ്രകടമാകുന്നത്; ഇത് അർത്ഥമാക്കുന്നതാകട്ടെ ഓരോ വ്യക്തിയേയും ഓരോ സാഹചര്യത്തിലും ഒരുപക്ഷേ തങ്ങളുടെ ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും ഗ്രഹിക്കാൻ അവർ പ്രയാസപ്പെടുമ്പോൾപോലും അവരെ തനിയെ ഉപേക്ഷിക്കാതിരിക്കുക എന്നതാണ്. അനുകമ്പ, മനുഷ്യരോടൊപ്പമുള്ള സഹയാത്രയാണ്; വിശിഷ്യ, രോഗവും അവശതയും വാർദ്ധക്യവും ഗ്രസിക്കുമ്പോൾ. മാരകമായ രോഗാവസ്ഥയിൽ ഒരു പൂർണ്ണ ആരോഗ്യത്തിലേക്കുള്ള തിരിച്ചുവരവ് അസാദ്ധ്യമായിരിക്കുന്ന രോഗികളോടു നാം കാണിക്കുന്ന ആദരവിലും കരുതലിലുമാണ് ആത്മാർത്ഥമായ അനുകമ്പ സാക്ഷാത്കരിക്കപ്പെടുന്നത്.

മനുഷ്യജീവന്റെ മഹത്ത്വത്തിലും വിശുദ്ധിയിലും വിശ്വസിക്കുന്ന എല്ലാവരോടും, പ്രത്യേകിച്ച് ഞങ്ങളുടെ ക്രൈസ്തവ സഹോദര സഭാംഗങ്ങളോടും എല്ലാ മതവിശ്വാസികളോടും, മാനുഷികയുക്തിയുടെ വിനിമയത്തിൽ വിശ്വസിക്കുന്ന എല്ലാവരോടും പുതിയ നിയമനിർമ്മാണംവഴി ഏറ്റവും അപകടാവസ്ഥയിലായിരിക്കുന്നവരുടെ സംരക്ഷണത്തിനായി പോരാടാൻ ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്.

ജീവൻ സംരക്ഷിക്കപ്പെടേണ്ട ദാനമാണ്, പ്രത്യേകിച്ച് രോഗത്തെയും മരണഭയത്തെയും അഭിമുഖീകരിക്കുമ്പോൾ. രോഗമുക്തി ഉറപ്പാക്കുന്ന വിദഗ്ധ ചികിത്സയും, മാനുഷികവും ആത്മീയവും അജപാലനപരവുമായ സംരക്ഷണം നല്കുന്ന സാന്ത്വന പരിചരണവും ജീവിതാന്ത്യത്തെ അഭിമുഖീകരിക്കുന്നവരുടെ അവകാശവും അവരെ പരിചരിക്കുന്നതിനുള്ള മികച്ച മാർഗ്ഗവുമാണ്.

ഈ സാഹചര്യത്തിൽ, സാന്ത്വനപരിചരണത്തിനുകൂടുതൽ പര്യാപ്തമാകുന്ന ധനസഹായവും വിഭവങ്ങളും ലഭ്യമാക്കുക എന്നതാണ് നാം പങ്കുചേരുന്ന മാനുഷികാന്തസ്സിനെ യഥാർത്ഥമായി സ്നേഹിക്കുന്നതിന്റെയും ആദരിക്കുന്നതിന്റെയും അടയാളം.

പരസഹായത്തോടെയുള്ള ആത്മഹത്യയെക്കുറിച്ചുള്ള ചർച്ചയിൽ തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും, മാരകമായ രോഗാവസ്ഥയിൽ പൂർണ്ണമായ ബോധത്തോടെയുള്ള തീരുമാനവും തിരഞ്ഞെടുപ്പും അസാദ്ധ്യവും സമൂഹത്തിന്റെ പൊതുനന്മയ്ക്ക് ഉപയുക്തമാകാത്തതുമായിരിക്കും. സഹനത്തിലൂടെ കടന്നുപോകുമ്പോഴാണ് വ്യക്തികൾക്കു തങ്ങൾ സ്നേഹിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നു എന്ന ഉറപ്പുലഭിക്കേണ്ടത്. ഈ അവസ്ഥയിൽ അവർക്കാവശ്യമായത് അനുകമ്പയോടുകൂടിയ പരിചരണമാണ്, ജീവിതമവസാനിപ്പിക്കാനുള്ള സഹായമല്ല.

പരസഹായത്തോടെയുള്ള ആത്മഹത്യ എന്ന ആശയം താത്ത്വികമായി ഒരുപിടി ഗൗരവമുള്ള പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ഒന്നാമതായി, ഇത്ര ഗൗരവമേറിയ ഒരു ധാർമ്മികവിഷയം പരിഗണിക്കാൻ പാർലമെന്റിനുമുമ്പിലുള്ള സമയം തികച്ചും അപര്യാപ്തമാണ്.

രണ്ടാമതായി, സംരക്ഷണങ്ങൾ ഉറപ്പ് നല്കുന്നുണ്ടെങ്കിലും ഇതിനുമുമ്പ് പരസഹായത്തോടെയുള്ള ആത്മഹത്യ നിയമവിധേയമാക്കിയ രാജ്യങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇത്തരം ഉറപ്പുകളെല്ലാം വളരെ വേഗം വിസ്മരിക്കപ്പെടുന്നതായാണ് കാണുന്നത്. ബെൽജിയം, നെതർലൻഡ്, കാനഡ, യു.എസ്.എ.യുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ ഈ ബില്ലിന്റെ മാനദണ്ഡങ്ങൾ ഗണ്യമായി വിപുലീകരിക്കപ്പെടേണ്ടിയും വന്നിട്ടുണ്ട്.

ഈ ബില്ലിനെ പ്രവർത്തനക്ഷമമല്ലാതാക്കുന്ന മറ്റൊരു വിഷയം മാനസികരോഗമുള്ളവരെയും മാരക രോഗനിർണ്ണയം നടത്താത്തവരെയും നിയമത്തിന്റെ ബലത്തിൽ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രയാസമാണ്.

നമ്മുടെ സമൂഹത്തിലെ ഏറ്റവും അവശരും ദുർബ്ബലരുമായ മനുഷ്യരുടെമേൽ ഈ നിയമം വരുത്താവുന്ന ആഘാതമോർത്ത് നാം അസ്വസ്ഥരും ആശങ്കാകുലരുമാകുന്നുണ്ട്. ജീവിതം അവസാനിപ്പിക്കാനുള്ള

സാധ്യത വേഗത്തിലും ആയാസരഹിതമായും മരിക്കാനുള്ള ഒരു പ്രേരണയായി ചിലപ്പോൾ അനുഭവപ്പെടാൻ ഇടയുണ്ട്. അതുപോലെതന്നെ ആർക്കെങ്കിലും തങ്ങളുടെ അസ്ഥിത്വം മറ്റുള്ളവർക്കു ഭാരമാകുന്നു എന്നു തോന്നിയാൽപോലും പരസഹായത്തോടെയുള്ള ആത്മഹത്യയ്ക്കുവേണ്ടി സമ്മർദ്ദം ചെലുത്താനിടയുണ്ട്.

വാർദ്ധക്യത്തിലുള്ളവരെയും രോഗികളെയും വൈകല്യമുള്ളവരെയും ഉൾക്കൊള്ളുകയും സംരക്ഷിക്കുകയുമാണ് സംസ്കാരസമ്പന്നമായ സമൂഹത്തിന്റെ അടിസ്ഥാനം. ഒരു മികച്ച ഭരണകൂടത്തിന്റെ ഹൃദയത്തിലുണ്ടാകേണ്ടതാണ് ഈ സംസ്കാരം.

ഇത്തരം ഒരു ബിൽ നടപ്പിൽ വരുത്തുന്നത് ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നവരും രോഗികളും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനപരമായിത്തന്നെ നശിപ്പിക്കാമെന്നു ഞങ്ങൾ ആശങ്കപ്പെടുന്നു. ഇത് ആരോഗ്യപ്രവർത്തകരെ, ഇത്തരം പ്രവൃത്തികൾക്കു ശിപാർശ ചെയ്യിക്കാനോ, അതിന്റെ നടപടികൾ സുഗമമാക്കുന്നതിനു നിർബന്ധിക്കാനോ ഉള്ള സാധ്യത തുറക്കുന്നുണ്ട്. ഇവിടെ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും മനസ്സാക്ഷിയിൽനിന്നുള്ള വിയോജിപ്പിനുള്ള സാധ്യത ഉണ്ടാകുന്നുണ്ടോ എന്നതും സംശയാസ്പദമാണ്. സഹായമർഹിക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നല്കേണ്ട സേവനത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്ന വിശ്വാസത്തിന്റെയും പിന്തുണയുടെയും ധാർമ്മികതയുടെതന്നെ അടിത്തറ ഇളക്കാൻ ഇതു കാരണമാകും.

സുമനസ്സുകളായ എല്ലാ വ്യക്തികളോടും ഈ നിയമനിർമ്മാണത്തെ എതിർക്കുവാനും ഇംഗ്ലണ്ടിലും വെയിൽസിലും സ്കോട്ട്ലൻഡിലുമുള്ള സഹായമർഹിക്കുന്ന സകലർക്കും സുസ്ഥിരമായ സാന്ത്വനപരിചരണം ഉറപ്പാക്കുന്നതിന് ആവശ്യമായ ധനസഹായം ലഭിക്കുന്നതിനായി ശബ്ദമുയർത്തുന്നതിനും ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഈ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കുകയും മറ്റുള്ളവരെ ബോധവത്കരിക്കുകയും നിങ്ങളുടെ ബന്ധപ്പെട്ട പാർലമെന്റംഗത്തോട് ഈ നിയമത്തെ എതിർക്കുന്നതിനും, കുറഞ്ഞപക്ഷം ഇതിനെ പിന്താങ്ങാതിരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് ഈ നിയമനിർമ്മാണത്തോടുള്ള നിങ്ങളുടെ വിയോജിപ്പ് രേഖപ്പെടുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

കത്തോലിക്കാ മെത്രാന്മാർ എന്ന നിലയിൽ നമ്മുടെ പിതാവായ ദൈവത്തോടു മനുഷ്യജീവന്റെ അന്തസ്സ് സംരക്ഷിക്കപ്പെടുന്നതിനും പ്രതിരോധിക്കപ്പെടുന്നതിനും പ്രാർത്ഥിക്കുവാൻ ഞങ്ങൾ കത്തോലിക്കരായ എല്ലാവരോടും ആവശ്യപ്പെടുകയും ക്രൈസ്തവവിശ്വാസത്തിൽ പങ്കുപറ്റുന്ന എല്ലാ സഹോദരങ്ങളെയും ക്ഷണിക്കുകയും ചെയ്യുന്നു. സ്ലീവായിലെ മിശിഹാ എല്ലാവിധ മാനുഷികസഹനങ്ങളോടും സഹിക്കുന്ന ഓരോ വ്യക്തിയോടും തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയവനാണ്. അവനിൽ ജീവൻ മാറ്റപ്പെട്ടു എന്നാൽ അവസാനിച്ചില്ല. തന്റെ പിളർക്കപ്പെട്ടതും ഉത്ഥാനം ചെയ്തതുമായ മഹത്ത്വീകൃത ശരീരത്തിലൂടെ മരണത്തേക്കാൾ ശക്തമാണ് സ്നേഹമെന്ന് അവിടുന്നു നമുക്കു കാണിച്ചുതരുന്നു.